നമ്പർ. 1776/പാർല/2019/നിയമം　　　　നിയമ (പാർല) വകുപ്പ്

# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 801　　　30.01.2019 - ൽ മറുപടിക്ക്**

## നിയമ വകുപ്പിലുണ്ടായ ഒഴിവുകൾ

**ചോദ്യം**　　　　　　　　　　　　　മറുപടി

ശ്രീ.ഹൈബി ഈഡൻ

**ശ്രീ. എ. കെ. ബാലൻ**
**(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായ-ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| (എ) | 4.6.2016 മുതൽ നാളിതുവരെ നിയമ വകുപ്പിൽ റിട്ടയർമെന്റ് വഴിയും പോസ്റ്റ് ക്രിയേഷൻ വഴിയും പ്രൊമോഷൻ വഴിയും റിലീവിങ്ങ് വഴിയും ഡെപ്യൂട്ടേഷൻ വഴിയും മരണം മൂലവും എത്ര ഒഴിവുകൾ ഉണ്ടായിട്ടുണ്ട്; ഇനം തിരിച്ച് വ്യക്തമാക്കുമോ? | 4.6.2016 മുതൽ നാളിതുവരെ നിയമ വകുപ്പിൽ റിട്ടയർമെൻറ്, ഡെപ്യൂട്ടേഷൻ, റിലീവിംഗ് മുഖേന ഓഫീസ് അറ്റൻഡൻറ് ഗ്രേഡ്.II തസ്തികയിൽ 28 ഒഴിവുകളും കമ്പ്യൂട്ടർ അസിസ്റ്റൻറ് ഗ്രേഡ്.II തസ്തികയിൽ 9 ഒഴിവുകളും ഉണ്ടായിട്ടുണ്ട്.<br><br>4.6.2016 മുതൽ നാളിതുവരെ കോൺഫിഡൻഷ്യൽ തസ്തികയിൽ റിട്ടയർമെൻറ്, ഡെപ്യൂട്ടേഷൻ, റിലീവിംഗ് മുഖേന യഥാക്രമം 1, 1, 3 എന്നീ ഒഴിവുകളും ഉണ്ടായിട്ടുണ്ട്. എല്ലാ ഒഴിവുകളും പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>04.06.2016 മുതൽ നാളിതുവരെ നിയമ വകുപ്പിൽ ലീഗൽ അസിസ്റ്റന്റ് തസ്തികയുടെ ഉയർന്ന തസ്തികകളിൽ നിന്ന് 29 പേർ വിരമിച്ചിട്ടുള്ളതും 5 തസ്തികകൾ സൃഷ്ടിച്ചിട്ടുള്ളതും വകുപ്പിൽ നിന്ന് വിവിധ സ്ഥാപനങ്ങളിലേയ്ക്ക് സാധാരണയുള്ള അന്യത്രസേവനത്തിനു പുറമെ 16 പേർ ഡെപ്യൂട്ടേഷൻ/റിലീവിംഗ് മുഖേന പോയിട്ടുള്ളതുമാണ്. എന്നാൽ ടി കാലയളവിൽ താല്ക്കാലിക മുൻസിഫ് മജിസ്ട്രേറ്റ് തസ്തികയിൽ ജോലി ചെയ്തിരുന്നവരും മറ്റു സ്ഥാപനങ്ങളിൽ അന്യത്രസേവനത്തിൽ ജോലി ചെയ്തവരും മടങ്ങി വന്നതു മൂലവും കെ.എസ്.ആർ.ടി.സി., കേരള |

| | | |
|---|---|---|
| | | സംസ്ഥാന ഭവന നിർമ്മാണ ബോർഡ് എന്നിവിടങ്ങളിലെ തസ്തികകൾ നിർത്തലാക്കിയതിനെ തുടർന്ന് ജീവനക്കാർ മടങ്ങി വന്നതുമൂലവും ലീഗൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലേയ്ക്ക് ഒഴിവുകൾ എത്തിയിരുന്നില്ല. കൂടാതെ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 915/2012 നമ്പർ കേസിലെ ഉത്തരവു പ്രകാരം 2013 ൽ 12 ഒഴിവുകൾ അധികമായി പി. എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തതുമൂലവും 2016 നു മുൻപ് ലിസ്റ്റ് നിലവിലില്ലാതിലുന്ന കാലയളവിൽ പ്രതീക്ഷിത ഒഴിവ് ഉൾപ്പെടെ റിപ്പോർട്ട് ചെയ്തിരുന്നതിനാലും ലീഗൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയുടെ കേഡർ സ്ട്രെങ്ത്തായ 31 ന്റെ സ്ഥാനത്ത് 2017 ൽ ലിസ്റ്റ് നിലവിൽ വരുമ്പോൾ 48 പേരെ നിയമിക്കേണ്ട സാഹചര്യമുണ്ടായിരുന്നതിനാലും ഉയർന്ന തസ്തികകളിൽ റിട്ടയർമെന്റ്, ഡെപ്യൂട്ടേഷൻ, റിലീവിംഗ് മുഖേന ഉണ്ടായ ഒഴിവുകൾ നികത്തപ്പെട്ടിട്ടുള്ളതാണ്. പി.എസ്.സി. മുഖേനയുള്ള 48 നിയമനങ്ങളും തമിഴ് ട്രാൻസ്ലേറ്റർ തസ്തികയിൽ നിന്ന് ലീഗൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലേയ്ക്ക് ഒരു തസ്തികമാറ്റ നിയമനവും ലീഗൽ അസിസ്റ്റന്റായിരിക്കെ മജിസ്ട്രേറ്റ് തസ്തികയിൽ നിയമനം ലഭിച്ച ഉദ്യോഗസ്ഥനെ ലീഗൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ പുനർ നിയമനം നൽകി നിയമിച്ചതും ഉൾപ്പെടെ അൻപത് നിയമനങ്ങൾ നടത്തിയതിനുശേഷം പിന്നീടുണ്ടായ വിരമിക്കൽ, ഡെപ്യൂട്ടേഷൻ, റിലീവിംഗ് തുടങ്ങിയവ മഖേനയുണ്ടായിട്ടുള്ള എട്ട് ഒഴിവുകൾ 2018 ൽ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. കൂടാതെ 2019 ലെ എട്ടു പ്രതീക്ഷിത ഒഴിവുകളും റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ